(ബി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്നും ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ പോകുന്നുണ്ടെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തെരുവ് നായ്ക്കളെ കൊല്ലുന്നത് ബഹു. സുപ്രീം കോടതി തടഞ്ഞിട്ടുള്ള സാഹചര്യത്തിൽ ഇവയെ വന്ധ്യംകരിച്ച് പ്രജനനം തടയുകയും, പേവിഷബാധയ്ക്ക് കുത്തിവെയ്പ് നൽകുകയും ചെയ്യുന്ന രീതിയാണ് സ്വീകരിച്ചുവരുന്നത്. കേന്ദ്ര സർക്കാരിന്റെ 2001-ലെ Animal Birth Control (Dogs) Rules പ്രകാരം അനിമൽ വെൽഫയർ ബോർഡ് നടപ്പാക്കുന്ന അനിമൽ ബർത്ത് കൺട്രോൾ/ആന്റി റാബീസ് പ്രോഗ്രാം എന്നിവ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനുള്ള ചെലവിന്റെ 50% അനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യ വഹിക്കുന്നതാണ്. അനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യ ആവിഷ്കരിച്ചിരിക്കുന്ന പ്രസ്തുത പ്രോഗ്രാമിന്,ബോർഡുമായി വേണ്ടുന്ന കരാറിലേർപ്പെട്ട് ധന സഹായം നേടി പ്രോഗ്രാം ഫലപ്രദമായി നടപ്പാക്കാനും ഇക്കാര്യം സമയബന്ധിതമായി നടപ്പിൽ വരുത്തുവാനും പഞ്ചായത്ത് ഡയറക്ടർമാർക്കും നഗരകാര്യ ഡയറക്ടർക്കുംനിർദ്ദേശം നൽകിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ സേവനവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ പേവിഷബാധ നിയന്ത്രണം സംബന്ധിച്ച് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൂടി ഒരു പൈലറ്റ് പ്രോജക്ട് നടപ്പാക്കുന്നതിനായി മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

മൊബൈൽ ടവറുകൾ നിർമ്മിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

166(374) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൊബൈൽ ടവറുകൾ നിർമ്മിക്കുന്നതിനുള്ള അനുമതിയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് ഇതുവരെ നൽകിയതെന്ന് സംബന്ധിച്ച ഉത്തരവുകളുടെ വിശദാംശങ്ങൾ പകർപ്പ് സഹിതം ലഭ്യമാക്കുമോ ;

(ബി) മനുഷ്യർക്കും മറ്റ് ജീവജാലങ്ങൾക്കും അപകടകരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഇത്തരം ടവറുകൾക്ക് ജനവാസകേന്ദ്രങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൊബൈൽ ടവറുകൾ ഉൾപ്പെടുന്ന ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ നിർമ്മാണത്തിൽ പാലിക്കേണ്ട പ്രത്യേക വ്യവസ്ഥകൾ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XIX-ൽ പ്രതിബാധിക്കുന്നുണ്ട്. മൊബൈൽ ടവർ നിർമ്മാണാനുമതി നൽകുന്നത് സംബന്ധിച്ച് ചുവടെ ചേർത്തിട്ടുള്ള സർക്കുലറുകൾ പ്രകാരം ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

1. 13-3-2009-ലെ 2750/ആർ.ഡി 2/09/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ.

2. 10-8-2009-ലെ 2750(2) ആർ.ഡി2/09/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ.

3. 30-10-2010-ലെ 11414/ആർ.ഡി2/09/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ.

ഇവയുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

(ബി) ജനവാസ കേന്ദ്രങ്ങളിൽ ടവർനിർമ്മാണത്തിനുള്ള സ്ഥലം സംബന്ധിച്ച് പൊതുജനങ്ങൾക്ക് എതിർപ്പുള്ള പക്ഷം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 10-8-2009-ലെ സർക്കുലർ പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഖരമാലിന്യ സംസ്കരണ പദ്ധതികൾ

167(375) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖരമാലിന്യ സംസ്കരണപദ്ധതികൾ വികേന്ദ്രീകരിച്ചു നടപ്പാക്കുന്നതു വഴി കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കാൻ കഴിയുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഗാർഹിക മാലിന്യസംസ്കരണപ്ലാന്റുകളുടെ വ്യാപനത്തിലൂടെ പാചകവാതക ദൗർലഭ്യം ഇല്ലാതാക്കുന്നതിനും, മലിനീകരണം തടയുന്നതിനും കഴിയുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് ഗാർഹികമാലിന്യ സംസ്കരണപ്ലാന്റുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) തദ്ദേശസ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, സൊസൈറ്റികൾ എന്നിവ വഴി കൂടുതൽ ഗാർഹിക മാലിന്യസംസ്കരണപ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പരിശീലനവും പ്രോത്സാഹനവും നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഖരമാലിന്യ പരിപാലനത്തിനായി കേന്ദ്രീകൃതവും, വികേന്ദ്രീകൃതവുമായിട്ടുള്ള രീതികളാണ് പ്രോത്സാഹിച്ചു വരുന്നത്. വികേന്ദ്രീകൃതമായ രീതി അവലംബിക്കുന്നതിലൂടെ കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശത്തിനുപരി മാലിന്യങ്ങൾ സ്രോതസ്സിൽ വച്ചു തന്നെ സംസ്ക്കരിക്കുക എന്നതാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വികേന്ദ്രീകൃതമായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly